# Weekly Devotion - August 2017
# Message of freedom from prison
## (ജയിലിലെ സ്വാതന്ത്ര്യസന്ദേശം)




ജയിലിലെ തടവുകാരെ സന്ദർശിച്ച് സുവിശേഷം അറിയിക്കുന്ന സംഘത്തിലെ ഒരാൾ കഴിഞ്ഞ ദിവസം ഒരനുഭവം പറയുകയുണ്ടായി. മുൻകൂട്ടി അനുവാദം വാങ്ങിച്ച സന്ദർശകരുടെ അടുക്കലേക്ക് ഏകദേശം അൻപതുപേരെ പോലീസുകാർ കൊണ്ടുവന്നു. മദ്ധ്യവയസ്ക്കരും ചെറുപ്പക്കാരുമായിരുന്നു അവർ. അതിൽ അഞ്ചു പേർ സ്ത്രീകളുമായിരുന്നു. രക്ഷകനെപ്പറ്റിയും സന്തോഷത്തെപ്പറ്റിയും ഉള്ള പാട്ടുകൾ പാടിയപ്പോൾ പോലീസുകാരും തടവുപുള്ളികളും ശ്രദ്ധയോടെ കേട്ടു. അവരിൽ ഒരു യുവാവ് കരയുന്നുണ്ടായിരുന്നു. എങ്ങനെ ഇവിടെ എത്തി എന്ന ചോദ്യത്തിന് മുസ്ലീം ആയതാൻ ക്രിസ്ത്യാനി ആയതാണെന്നും, അബദ്ധത്തിൽ ഒരു കുറ്റകൃത്യത്തിലകപ്പെട്ടതാണെന്നും പറഞ്ഞു. എന്നാൽ എനിക്കൊരു വേദപുസ്തകം തന്നാൽ മറ്റുള്ളവരെ വായിച്ച് കേൾപ്പിക്കുവാനും എനിക്കുകിട്ടിയ ജയിൽ ജീവിതം എന്റെ ദൈവത്തിനായി ഉപയോഗിക്കുവാൻ കഴിയുമെന്നും ആ യുവാവ് പറഞ്ഞു. സംഘത്തിലെ ഒരാൾ അയാളുടെ വേദപുസ്തകം നൽകുകയും ഫിലി (1:12) ആസ്പദമാക്കി ഒരു ചെറിയ ദൂത് നൽകുകയും ചെയ്തു. പ്രതികൂലത്തിലും സുവിശേഷത്തോടുള്ള വാഞ്ച ഞങ്ങളെ സന്തോഷിപ്പിച്ചു. റിച്ചാർഡ് വും ബ്രാൻഡ് ജയിലിൽ കിടന്ന് ക്രൂരമായ പീഢനം ഏല്ക്കുമ്പോഴും തന്നെ ഉപദ്രവിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുകയും, അവിടെയുള്ള സഹതടവുകാരോട് സുവിശേഷം അറിയിക്കുകയും ചെയ്തു. റോമിലെ ജയിലിൽ കിടന്ന് പൗലോസ് എഴുതിയ ലേഖനമാണിത് മാനുഷികദൃഷ്ടിയിൽ പൗലോസിന്റെ കാരാഗൃഹവാസം സുവിശേഷത്തിനേറ്റ അടിയായിതോന്നാം. എന്നാൽ പൗലോസിന്റെ അഭിപ്രായത്തിൽ ഇത് ദൈവീക പദ്ധതിയാണ് അതിനാൽ തന്റെ ജയിൽ ജീവിതത്തിലും പൗലോസ് സന്തോഷിച്ചു. കാരണം ജയിൽ വാസം മൂലം ജയിലിലും സുവാർത്ത അറിയിക്കുവാൻ കഴിഞ്ഞു എന്നതായിരുന്നു. ജയിലധികാരികളോടും ജയിൽ വാസികളോടും സുവിശേഷം അറിയിച്ചതിനാൽ പലരും സുവിശേഷത്തിൽ വിശ്വസിച്ചു.

അപ്പോ:(16:22-31) വരെയുള്ള ഭാഗത്ത് ശാരീരിക മർദ്ദനം നൽകി കാരഗൃഹത്തിൽ ആമത്തിലിട്ട് പൂട്ടിയ അവസ്ഥയിലും അർദ്ധരാത്രിയിൽ അവർ പാട്ടു പാടി എന്ന് കാണാം. അവിടെ സുവിശേഷത്തിന്റെ ശക്തി അറിയിക്കുവാൻ പ്രകൃതിയെയാണ് ദൈവം ഉപയോഗിച്ചത്. കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങൾ കുലുങ്ങിയപ്പോൾ പൂട്ടിക്കിടന്ന ജയിൽ മുറികളുടെ വാതിലുകൾ തുറന്നു, ചങ്ങല കൾ എല്ലാവരുടേയും പൊട്ടിവീണു. ദൈവമക്കൾ പാടിയതേയുള്ളു രക്ഷയുടെ ദൂത് അറിയിക്കുവാനുള്ള സാഹചര്യം രക്ഷകനൊരുക്കി. കാരാഗൃഹപ്രമാണിയും കുടുംബവും യേശുവിൽ വിശ്വസിച്ച് സ്നാനം ഏറ്റു.

ചങ്ങലയാൽ ബന്ധിതനായി നിന്ന് അഗ്രിപ്പാവിനോട് സംസാരിപ്പാനവ സരം ലഭിച്ചപ്പോഴും സുവിശേഷം എങ്ങനെ തന്റെ ശക്തിയായിത്തിർന്നു എന്ന് പൗലോസ് വിവരിച്ചു. നീ എന്നെ ക്രിസ്ത്യാനി ആക്കുമോ എന്ന് അഗ്രിപ്പാവ് ചോദിച്ചപ്പോഴും ഈ ചങ്ങലയൊഴികെ എന്നെപ്പോലെയാകണം എല്ലാവരും എന്ന തന്റെ ആഗ്രഹത്തെ ഉറക്കെ പ്രസ്താവിച്ചു. അപ്പോ (26:29) കപ്പൽയാത്ര യിലും ബന്ധനാവസ്ഥയിലായ പൗലോസിന് തന്റെ കൂടെയാത്രചെയ്തവരെ യെല്ലാം ക്രിസ്തുവിനുവേണ്ടി നേടുവാൻ ഈശാനമൂലൻ ഒരു തടസ്സമായിരു ന്നില്ല (അപ്പോ :27:22-26)

പ്രിയരേ! നമ്മുടെ തടവറകൾ പലതും നമ്മുടെ തന്നെ വിശ്വാസക്കുറവു കൊണ്ട് ഉണ്ടാകുന്നതാണ്. നിരാശ, ആകുലചിന്ത, ധനനഷ്ടം ഇവമൂലം ആകുല പ്പെടാതെ ദശാംശം ദൈവത്തിന് നൽക്കുക എന്നതാണ് ആദ്യഘട്ടം. അപ്പോൾ പലതടവറ വാതിലുകളും നമുക്കായി തുറക്കും. രണ്ടാമതായി ഏത് സാഹചര്യ ത്തിലും ഉറച്ചു വിശ്വസിച്ച് കുലുങ്ങാതെ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കായി പ്രവർത്തിപ്പാൻ ദൈവം ശക്തീകരിക്കട്ടെ.

## <u>പ്രാർത്ഥന</u>

പ്രീയയേശുവേ! തന്ന എല്ലാ നന്മകൾക്കും, കഷ്ടതകൾക്കും നന്ദി. ഏത് സാഹച ര്യത്തിലും സുവാർത്ത മറ്റുള്ളവരോട് പങ്കുവച്ച് അവരെയും വിശ്വാസത്തിൽ ഉറ പ്പിക്കുവാൻ ഞങ്ങളെ സഹായിക്കേണമേ

ആമേൻ.

**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind